**മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ**

(1) ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, കേരള പബ്ലിക് എക്സ്പെൻഡീച്ചർ റിവ്യൂ കമ്മിറ്റിയുടെ നാലാമത് റിപ്പോർട്ട് (കാലതാമസ പത്രിക സഹിതം) ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(2) ചട്ടം 47 (2) പ്രകാരമുള്ളത്.

1. വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 2084, പന്ത്രണ്ടാം സമ്മേളനത്തിലെ 2901, 2921, 4642, 4643, 4686, 4706 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

2. റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിലെ 2780-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം

മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

(പ്രതിപക്ഷാംഗങ്ങൾ ബാനറും പിടിച്ചുകൊണ്ട് സഭയുടെ നടുത്തളത്തിലിരുന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)